പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. **466**

**27.02.2018** ൽ മറുപടിയ്ക്ക്

## പാറഖനനം

| ചോദ്യം | മറുപടി |
| --- | --- |
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് അനധികൃതമായി പാറഖനനം നടത്തുന്ന കാര്യം പരിശോധിക്കുമോ; | (എ) അനധികൃത ഖനനത്തിനെതിരെ സ്ഥല പരിശോധന നടത്തി 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം നടപടി സ്വീകരിക്കുന്നുണ്ട്. |
| (ബി) പാറഖനനം നടത്തുന്ന സ്ഥലങ്ങളിൽ പ്രദേശവാസികളുടെ ജീവനും സ്വത്തിനും ആവശ്യമായ സുരക്ഷ നൽകുവാൻ വേണ്ട നടപടി സ്വീകരിക്കുമോ; | (ബി) പാറഖനനം നടത്തുന്ന സ്ഥലങ്ങളിൽ പ്രദേശവാസികളുടെ ജീവനും സ്വത്തിനും മതിയായ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി നിയമപ്രകാരമുള്ള അനുമതികൾ ലഭ്യമാക്കിയതിനുശേഷമാണ് കെ.എം.എം.സി. ചട്ട പ്രകാരം ഖനനാനുമതി നൽകുന്നത്. |
| (സി) പാറഖനനത്തിന്റെ ഫലമായി ഉണ്ടാകുന്ന കുഴികളിൽ വീണ് നിരവധിപേർ മരണമടയുന്ന കാര്യം പരിശോധിക്കുമോ; ഈ സർക്കാരിന്റെ കാലയളവിൽ ഇത്തരത്തിൽ മരണമടഞ്ഞവരുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ;<br><br>(ഡി) ഇത്തരം മരണങ്ങളുടെ അടിസ്ഥാനത്തിൽ ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിക്കുമോ; ഇത് സംബന്ധിച്ച് മൈനിംഗ് & ജിയോളജി വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (സി) & (ഡി) പാറഖനനത്തിന്റെ ഫലമായി ഉണ്ടാകുന്ന കുഴികളിൽ വീണ് ആളുകൾ മരണമടയുന്നത് ഒഴിവാക്കുന്നതിനായി സംസ്ഥാനത്ത് മുമ്പ് പ്രവർത്തിച്ചിരുന്നതും ഇപ്പോൾ ഉപയോഗ ശൂന്യവുമായ ക്വാറികളുടെ ലിസ്റ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കി ജില്ലാ കളക്ടർമാരുടെ പേരിൽ നിക്ഷേപിച്ചിട്ടുള്ള ക്വാറി സേഫ്റ്റി ഫണ്ട് ഉപയോഗിച്ച് ക്വാറികൾക്ക് ചുറ്റും സംരക്ഷണ ഭിത്തി / ഫെൻസിംഗ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ ജിയോളജിസ്റ്റുമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, അപകട സാദ്ധ്യതയുള്ള ക്വാറികളുടെ സമീപം അപകട മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുന്നതിന് ക്വാറി ഉടമകൾക്ക് ജില്ലാ ജിയോളജിസ്റ്റ് മുഖാന്തിരം നിർദ്ദേശം നൽകിയിട്ടുമുണ്ട്.<br><br>ഈ സർക്കാരിന്റെ കാലത്ത് പാറ ഖനനത്തിന്റെ ഫലമായി ഉണ്ടാകുന്ന കുഴികളിൽ വീണ് മരണമടഞ്ഞവരുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു. |

| | |
|---|---|
| കോട്ടയം | - 4 |
| എറണാകുളം | - 2 |
| മലപ്പുറം | - 1 |
| കണ്ണൂർ | - 2 |

സെക്ഷൻ ഓഫീസർ